<u>പതിനാലാം കേരള നിയമസഭ</u>

<u>അഞ്ചാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: **4925**

22.05.2017-ലെ മറുപടിക്ക്

# <u>പൊതുമരാമത്ത് വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തിക</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ.സി.മമ്മൂട്ടി | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) പൊതുമരാമത്ത് വകുപ്പിലെ സ്പെഷ്യൽ റൂൾ പ്രകാരം നിലവിലുള്ള സ്റ്റാഫ് സ്ട്രെംഗ്തിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേക്ക് വിവിധ വിഭാഗങ്ങൾക്ക് അർഹമായ തസ്തികകളുടെ എണ്ണവും ആയതിന് നിഷ്കർഷിക്കുന്ന ശതമാനവും എത്രയൊക്കെയെന്ന് വ്യക്തമാക്കാമോ; | (എ) പൊതുമരാമത്ത് വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികകളുടെ ആകെ എണ്ണം - 638<br><br>നിയമനാനുപാതം- 6:3:1<br>നേരിട്ടുള്ള നിയമനം - 383 എണ്ണം<br>സ്ഥാനക്കയറ്റം (ഡിപ്ലോമ ക്വാട്ട)- 191 എണ്ണം<br>സ്ഥാനക്കയറ്റം (സർട്ടിഫിക്കറ്റ് ക്വാട്ട)- 64 എണ്ണം. |
| (ബി) നിലവിലുള്ള അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയുടെ ഒഴിവുകൾ എത്രയെന്നും അവ നികത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളും വ്യക്തമാക്കാമോ;<br><br>(സി) ഏതെങ്കിലും വിഭാഗത്തിന് അർഹതപ്പെട്ട തസ്തികകൾ നികത്തുന്നതിന് എന്തെങ്കിലും ബുദ്ധിമുട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;<br><br>(ഡി) ഉണ്ടെങ്കിൽ ആയത് പരിഹരിച്ച് സ്പെഷ്യൽ റൂൾ വ്യവസ്ഥകൾ അനുസരിച്ച് എത്രയും വേഗം നിയമനം നടത്തുമോയെന്ന് വ്യക്തമാക്കുമോ? | (ബി) & (സി) & (ഡി) പൊതുമരാമത്ത് വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ നേരിട്ട് നിയമനത്തിന് നിലവിൽ 115 ഒഴിവുകൾ ഉണ്ട്. ഈ ഒഴിവുകൾ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തിരുന്നു. ഇതിൽ 90 പേരുടെ നിയമന ശുപാർശ ലഭിച്ചു. ഇവർക്ക് 12.05.2017-ന് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. 25 തസ്തികകളിലേയ്ക്കുള്ള നിയമന ശുപാർശ ഉടൻ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. 24 തസ്തികകൾ സ്ഥാനക്കയറ്റം മുഖേന നികത്തേണ്ടതാണ്. ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ സ്റ്റേ കാരണം ഡി.പി.സി ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള സർക്കുലർ പ്രസിദ്ധീകരിക്കാൻ സാധിക്കാത്തതിനാലാണ് സ്ഥാനക്കയറ്റം വൈകുന്നത്. സ്റ്റേ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ